# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പുറപ്പുഴ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA-IDK-9/1014/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 23/07/2022
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുറപ്പുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പുറപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുറപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-IDK-9/1014/2022 തീയ്യതി: 23/07/2022

## ഇടുക്കി ജില്ലയിലെ പുറപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ പുറപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-07-2020 മുതൽ 28-06-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കിഷോർ തോമസ് എം | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 20-06-2022 | 28-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 20-06-2022 | 28-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.സുസനിയാമ്മ തോമസ്, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീമതി.മരുൺ മാത്യു, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.ജിബി ഇ.വി., അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി മായ കൃഷ്ണൻ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ഏ.ആർ.ഉഷ | സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി.ഏലിക്കുട്ടി മാണി | പ്രസിഡന്റ് | 01-04-2020 | 10-11-2020 |
| ഭരണനിർവ്വഹണ കമ്മിറ്റി | സെക്രട്ടറി | 11-11-2020 | 29-12-2020 |
| ശ്രീ.തോമസ് പയറ്റനാൽ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.പ്രിയ തോമസ് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.ജെയ്സൺ ജോർജ്ജ് | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി.സ്മിത ആർ.മേനോൻ | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2020 | 19-01-2021 |
| ശ്രീമതി.അന്ന വിജയൻ | മെഡിക്കൽ ഓഫീസർ ഹോമിയോ | 20-01-2021 | 31-03-2021 |
| ഡോ.ബിന്ദു.എം | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2020 | 31-03-2021 |
| ഡോ.മിനി മോഹൻ | മെഡിക്കൽ ഓഫീസർ സിഎച്ച്.സി | 01-04-2020 | 31-03-2021 |
| ശ്രീമതി.റിന്ദ തോമസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.കെ.കെ.ഉഷ | ഹെഡ് മിസ്ട്രസ്സ് | 01-04-2020 | 31-03-2021 |
| ശ്രീമതി.ബിന്ദു തോമസ് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 02-11-2020 |
| ശ്രീമതി.തങ്കമണി പി.എൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 03-11-2020 | 31-03-2021 |
| ശ്രീ.കുട്ടിച്ചൻ എം.കല്ലട | അസി.എഞ്ചിനീയർ | 01-04-2020 | 15-06-2020 |
| ശ്രീ.പോളി ഇടയനാൽ | അസി.എഞ്ചിനീയർ | 16-06-2020 | 23-06-2020 |
| ശ്രീ.സൂരജ് വി.എസ്. | അസി.എഞ്ചിനീയർ | 24-06-2020 | 02-11-2020 |
| ശ്രീമതി ബുഷറ കെ. | അസി.എഞ്ചിനീയർ | 03-11-2020 | 31-03-2021 |
| ശ്രീമതി ജെസ്സി ജോസഫ് പുറപ്പുഴ | വി.ഇ.ഒ. | 01-04-2020 | 09-09-2020 |

| | | | |
|---|---|---|---|
| സർക്കിൾ | | | |
| ശ്രീമതി ദീപ വി.പി | വി.ഇ.ഒ. | 10-09-2020 | 16-09-2020 |
| ശ്രീമതി എലിസബത്ത് | വി.ഇ.ഒ. | 17-09-2020 | 05-10-2020 |
| ശ്രീമതി മെൽബി അഗസ്റ്റിൻ | വി.ഇ.ഒ. | 06-10-2020 | 31-03-2021 |
| ശ്രീമതി ജെസ്സി ജോസഫ് | വി.ഇ.ഒ. | 01-04-2020 | 09-09-2020 |
| ശ്രീമതി ദീപ വി.പി. | വി.ഇ.ഒ. | 10-09-2020 | 05-10-2020 |
| ശ്രീമതി ബീന എസ്. | വി.ഇ.ഒ. | 06-10-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പര്‍ |
|---|---|---|
| 1 | ബജറ്റ്<br>Written By: Marun Mathew (Asst. Audit Officer, On 24-06-2022)<br>Last Updated By: Shyni M.R (Computer Assistant, On 17-07-2022) | 1-1 |
| 2 | വാര്‍ഷിക ധനകാര്യ പത്രിക<br>Written By: Susaniamma Thomas (Audit Officer, On 26-06-2022)<br>Last Updated By: Shyni M.R (Computer Assistant, On 17-07-2022) | 1-2 |
| 3 | ഫണ്ട് വിനിയോഗം<br>Written By: Marun Mathew (Asst. Audit Officer, On 24-06-2022)<br>Last Updated By: Shyni M.R (Computer Assistant, On 17-07-2022) | 1-3 |
| 4 | പദ്ധതി അവലോകനം<br>Written By: Susaniamma Thomas (Audit Officer, On 26-06-2022)<br>Last Updated By: Shyni M.R (Computer Assistant, On 23-07-2022) | 1-4 |
| 5 | തൊഴിലുറപ്പ് പദ്ധതി<br>Written By: Marun Mathew (Asst. Audit Officer, On 30-06-2022)<br>Last Updated By: Shyni M.R (Computer Assistant, On 20-07-2022) | 1-5 |
| 6 | ക്ഷേമ പദ്ധതികള്‍<br>Written By: Susaniamma Thomas (Audit Officer, On 26-06-2022)<br>Last Updated By: Shyni M.R (Computer Assistant, On 18-07-2022) | 1-6 |
| 7 | ക്യാഷ് പരിശോധന<br>Written By: Susaniamma Thomas (Audit Officer, On 26-06-2022)<br>Last Updated By: Shyni M.R (Computer Assistant, On 18-07-2022) | 1-7 |
| 8 | ആഭ്യന്തര നിയന്ത്രണം<br>Written By: Susaniamma Thomas (Audit Officer, On 29-06-2022)<br>Last Updated By: Shyni M.R (Computer Assistant, On 23-07-2022) | 1-8 |
| 9 | വാര്‍ഷികകണക്കിലെ അപാകതകള്‍<br>Written By: Marun Mathew (Asst. Audit Officer, On 30-06-2022)<br>Last Updated By: Shyni M.R (Computer Assistant, On 18-07-2022) | 1-9 |
| 10 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകള്‍ സമയബന്ധിതമായി വിനിയോഗിക്കാതെ പഞ്ചായത്ത് ഫണ്ടില്‍ നിക്ഷേപിച്ചിരിക്കുന്നു<br>Written By: Marun Mathew (Asst. Audit Officer, On 30-06-2022)<br>Last Updated By: Shyni M.R (Computer Assistant, On 23-07-2022) | 1-9-1 |
| 11 | സാംഖ്യ-ILGMS പോര്‍ട്ടിംഗ്<br>Written By: Marun Mathew (Asst. Audit Officer, On 30-06-2022)<br>Last Updated By: Shyni M.R (Computer Assistant, On 20-07-2022) | 1-9-2 |
| 12 | ILGMS പരിശോധനയില്‍ കണ്ട അപാകതകള്‍<br>Written By: Maya Krishnan (Auditor, On 29-06-2022)<br>Last Updated By: Shyni M.R (Computer Assistant, On 19-07-2022) | 1-10 |
| 13 | തടി ലേലം നടക്കാത്തതിനാല്‍ നഷ്ടം<br>Written By: Maya Krishnan (Auditor, On 29-06-2022)<br>Last Updated By: Shyni M.R (Computer Assistant, On 20-07-2022) | 1-11 |
| 14 | വിവിധ വാര്‍ഡുകളില്‍ ചെറിയ സോളാര്‍ ലൈറ്റ് സ്ഥാപിക്കല്‍- പദ്ധതി നടത്തിപ്പിലെ അപാകത, ചെലവ് തടസ്സം ₹202500/-<br>Written By: E.V.Gibi (Asst. Audit Officer, On 29-06-2022)<br>Last Updated By: Shyni M.R (Computer Assistant, On 19-07-2022) | 1-12 |
| 15 | നിലവിലുള്ള സോളാര്‍ ലൈറ്റുകളുടെ മെയിന്റനന്‍സ് - പദ്ധതി നിര്‍വ്വഹണത്തില്‍ അപാകത, ചെലവ് തടസ്സം ₹74900/-<br>Written By: E.V.Gibi (Asst. Audit Officer, On 29-06-2022)<br>Last Updated By: Shyni M.R (Computer Assistant, On 19-07-2022) | 1-13 |
| 16 | വള്ളിക്കെട്ട് ജംഗ്ഷനില്‍ സോളാര്‍ ലൈറ്റ് സ്ഥാപിക്കല്‍- പദ്ധതി നിര്‍വ്വഹണത്തിലെ അപാകത, തടസ്സം ₹148500/-<br>Written By: E.V.Gibi (Asst. Audit Officer, On 29-06-2022)<br>Last Updated By: Shyni M.R (Computer Assistant, On 19-07-2022) | 1-14 |
| 17 | പകല്‍വീട് അധികസൗകര്യം ഏര്‍പ്പെടുത്തല്‍- ഫര്‍ണിച്ചര്‍ വാങ്ങല്‍ മാത്രമാണ് നടന്നിട്ടുള്ളത്, പ്രവര്‍ത്തനം ആരംഭിച്ചിട്ടില്ല<br>Written By: E.V.Gibi (Asst. Audit Officer, On 29-06-2022)<br>Last Updated By: Shyni M.R (Computer Assistant, On 19-07-2022) | 1-15 |
| 18 | എസ്.എസ്.എ - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: Maya Krishnan (Auditor, On 29-06-2022)<br>Last Updated By: Shyni M.R (Computer Assistant, On 19-07-2022) | 1-16 |
| 19 | പുറപ്പുഴ ഹൈമാസ്റ്റ് ലൈറ്റിന്റെ മെയിന്റനന്‍സ് - നിര്‍വ്വഹണത്തിലെ അപാകത, ചെലവ് തടസ്സം ₹39000/-<br>Written By: E.V.Gibi (Asst. Audit Officer, On 29-06-2022)<br>Last Updated By: Shyni M.R (Computer Assistant, On 20-07-2022) | 1-17 |
| 20 | നിക്ഷേപ പ്രവൃത്തി -പണിപൂര്‍ത്തീകരിച്ചിട്ടില്ല<br>Written By: E.V.Gibi (Asst. Audit Officer, On 29-06-2022)<br>Last Updated By: Shyni M.R (Computer Assistant, On 20-07-2022) | 1-18 |
| 21 | ഒരേ സമയം ഒന്നില്‍ കൂടുതല്‍ ടഷറി ബില്‍ബുക്ക് ചട്ടവിരുദ്ധമായി ഉപയോഗിച്ചിരിക്കുന്നു.<br>Written By: E.V.Gibi (Asst. Audit Officer, On 29-06-2022)<br>Last Updated By: Shyni M.R (Computer Assistant, On 22-07-2022) | 1-19 |
| 22 | മോണിട്ടറിംഗ് സമിതി നിര്‍ജ്ജീവം<br>Written By: Susaniamma Thomas (Audit Officer, On 29-06-2022)<br>Last Updated By: Shyni M.R (Computer Assistant, On 19-07-2022) | 1-20 |
| 23 | കോവിഡ് പ്രതിരോധ പ്രവര്‍ത്തനങ്ങള്‍<br>Written By: Susaniamma Thomas (Audit Officer, On 29-06-2022)<br>Last Updated By: Shyni M.R (Computer Assistant, On 19-07-2022) | 1-21 |
| 24 | ലൈഫ് ഭവന പദ്ധതി - ഭവന നിര്‍മ്മാണം തുടങ്ങിയിട്ടില്ല<br>Written By: Maya Krishnan (Auditor, On 28-06-2022)<br>Last Updated By: Shyni M.R (Computer Assistant, On 19-07-2022) | 1-22 |
| 25 | ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല<br>Written By: Susaniamma Thomas (Audit Officer, On 29-06-2022)<br>Last Updated By: Shyni M.R (Computer Assistant, On 19-07-2022) | 1-23 |
| 26 | എച്ച്.എം.സി. വാര്‍ഷിക കണക്കുകള്‍ സമര്‍പ്പിക്കുന്നില്ല<br>Written By: Susaniamma Thomas (Audit Officer, On 29-06-2022)<br>Last Updated By: Shyni M.R (Computer Assistant, On 19-07-2022) | 1-24 |

| | | |
|---|---|---|
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Susaniamma Thomas (Audit Officer, On 20-06-2022)<br>Last Updated By: Shyni M.R (Computer Assistant, On 19-07-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Susaniamma Thomas (Audit Officer, On 26-06-2022)<br>Last Updated By: Shyni M.R (Computer Assistant, On 19-07-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Susaniamma Thomas (Audit Officer, On 28-06-2022)<br>Last Updated By: Shyni M.R (Computer Assistant, On 19-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Susaniamma Thomas (Audit Officer, On 20-06-2022)<br>Last Updated By: Susaniamma Thomas (Audit Officer, On 20-06-2022) | 4-4 |
| 5 | വായ്പ-വായ്പാതിരിച്ചടവ്<br>Written By: Susaniamma Thomas (Audit Officer, On 26-06-2022)<br>Last Updated By: Shyni M.R (Computer Assistant, On 19-07-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Susaniamma Thomas (Audit Officer, On 20-06-2022)<br>Last Updated By: Susaniamma Thomas (Audit Officer, On 20-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Susaniamma Thomas (Audit Officer, On 26-06-2022)<br>Last Updated By: Susaniamma Thomas (Audit Officer, On 26-06-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Susaniamma Thomas (Audit Officer, On 26-06-2022)<br>Last Updated By: Shyni M.R (Computer Assistant, On 19-07-2022) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം കാണിക്കുന്ന പത്രിക<br>Written By: Susaniamma Thomas (Audit Officer, On 20-06-2022)<br>Last Updated By: Shyni M.R (Computer Assistant, On 19-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Susaniamma Thomas (Audit Officer, On 26-06-2022)<br>Last Updated By: Shyni M.R (Computer Assistant, On 23-07-2022) | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Susaniamma Thomas (Audit Officer, On 20-06-2022)<br>Last Updated By: Shyni M.R (Computer Assistant, On 23-07-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

04.03.2020-ലെ 1-ാം നമ്പർ തീരുമാനപ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ച ₹3076118.19/- മുന്നിരിപ്പും ₹84195000/- വരവും 86630500/- ചെലവും ₹640618.19/- നീക്കിയിരിപ്പും ഉള്ള പുറപ്പുഴ ഗ്രാമ പഞ്ചായത്തിന്റെ 2020-21-ലെ ബജറ്റ് 24.03.2020-ലെ 1(1) നമ്പർ തീരുമാന പ്രകാരം ഭരണസമിതിയുടെ അംഗീകാരം നേടിയിട്ടുണ്ട്.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 02.08.2021 | -- | - |

### 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | | 7952958 | 7952958 | 7700335 | 252623 |
| എസ്.സി.പി. | | 1135373 | 1135373 | 848610 | 286763 |
| ടി.എസ്.പി. | | 118000 | 118000 | 118000 | 0 |
| മെയിന്റനൻസ് ഗ്രാന്റ് | - | - | - | - | - |
| റോഡ് | | 5907000 | 5907000 | 5907000 | 0 |
| റോഡിതരം | | 3456681 | 3456681 | 3303662 | 153019 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് Tied | | 3230000 | 3230000 | 1847510 | 1382490 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 7100760 | 7100760 | 5267073 | 1833687 |
| ഐ.സി.ഡി എസ് | 185038 | 420541 | 605579 | 246649 | 358885 |
| കേന്ദ്രഫണ്ട് (ഒ.ഡി.എഫ്.) | 207391 | - | 207391 | - | 207391 |
| (ടോട്ടൽ സാനിട്ടേഷൻ) | 48000 | 130,000 | 178000 | 166000 | 12000 |
| പകർച്ചവ്യാധി നിയന്ത്രണം | - | 504663 | 504663 | - | 504663 |
| ഇലക്ഷൻഫണ്ട് | | 200000 | 200000 | 200000 | |
| കില | 0 | 17887 | 17887 | 7795 | 10092 |
| എം.എൽ.എ.ഫണ്ട് | 4962 | 137 | 5099 | -- | 5099 |
| നിർമ്മൽ പുരസ്കാർ | 78449 | - | 78449 | - | 78449 |
| ബയോഡൈവേഴ്സിറ്റി | 337810 | - | 337810 | 249370 | 88440 |
| ലൈഫ് പദ്ധതി | 0 | 280,000 | 280,000 | 280,000 | |
| സാക്ഷരത | 69624 | 2779 | 72403 | 38492 | 33911 |
| ദുരിതാശ്വാസനിധി | 1117 | - | 1117 | - | 1117 |
| കേരളോൽസവം | 12728 | - | 12728 | - | 12728 |
| ശുചിത്വ മിഷൻ | 684817 | 1086857 | 1771674 | 816185 | 955489 |
| വിമുക്തി | 4 | - | 4 | - | 4 |
| ആയുർവേദം മെയിന്റനൻസ് | 400000 | - | 400000 | 209992 | 190008 |

### 1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 156 | 43204723 | 139 | 27823846 | 0 | 17 | 89.10 |

| ക്രമ നം. | നിർവഹണ ഉദ്യോഗസ്ഥൻ | പദ്ധതി കളുടെ എണ്ണം | നടപ്പാക്കിയവ എണ്ണം | അടങ്കൽ ₹ | ചെലവ് ₹ | നടപ്പിലാക്കാത്ത പദ്ധതികൾ | ശതമാനം % |
|---|---|---|---|---|---|---|---|
| 1. | സെക്രട്ടറി | 39 | 35 | 7027962 | 5959283 | 4 | 84.79 |
| 2. | അസി. എൻജിനീയർ | 66 | 58 | 15043349 | 10959375 | 8 | 72.85 |
| 3. | വെറ്ററിനറി സർജൻ | 3 | 3 | 2387000 | 1187000 | 0 | 49.72 |

| | | | | | | | |
|---|---|---|---|---|---|---|---|
| 4. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 3 | 3 | 245000 | 245000 | 0 | 100 |
| 5. | കൃഷി ഫീൽഡ് ഓഫീസർ | 6 | 6 | 818400 | 572793 | 0 | 69.98 |
| 6. | ഐ.സി.ഡി.എസ്. | 4 | 3 | 2996000 | 2443242 | 1 | 81.55 |
| 7. | ഹെഡ്മാസ്റ്റർ | 3 | 2 | 479740 | 379740 | 1 | 79.15 |
| 8. | വി.ഇ.ഒ | 7 | 5 | 3754100 | 1163348 | 2 | 30.98 |
| 9. | മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 3 | 3 | 893510 | 893510 | 0 | 100 |
| 10 | വി.ഇ.ഒ | 11 | 10 | 5636084 | 2336283 | 1 | 41.45 |
| 11 | ഡയറിഎക്സ്റ്റൻഷൻ ഓഫീസർ | 4 | 4 | 3143578 | 904272 | 0 | 28.76 |
| 12 | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 7 | 7 | 780000 | 780000 | 0 | 100 |

ചെലവഴിച്ച വിവിധ ഫണ്ടുകളുടെ വിവരം

| ഇനം | | അടങ്കൽ തുക ₹ | ചെലവ് തുക ₹ | ചെലവ് ശതമാനം % |
|---|---|---|---|---|
| വികസന ഫണ്ട് | പൊതു വിഭാഗം | 10125645 | 7700335 | 76.04 |
| | പട്ടിക ജാതി വിഭാഗം | 1365921 | 848610 | 62.12 |
| | പട്ടിക വർഗ്ഗ വിഭാഗം | 118000 | 118000 | 100 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 9374319 | 7114583 | 75.89 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | 797729 | 539519 | 67.63 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | 3437703 | 1179352 | 34.30 |
| തനത് ഫണ്ട് | | 13600 | 10200 | 75 |
| ബ്ലോക്ക്പഞ്ചായത്ത് ഫണ്ട് | | 725000 | 490000 | 67.58 |
| ജില്ലാപഞ്ചായത്ത് ഫണ്ട് | | 2749700 | 268000 | 9.74 |
| സംരക്ഷണ ഗ്രാന്റ് | റോഡ് | 7101285 | 5907000 | 83.18 |
| | റോഡിതരം | 4260821 | 3303662 | 77.53 |
| മറ്റിനം | | 3135000 | 344585 | 10.99 |

ജില്ലാ ആസൂത്രണ സമിതിയുടെ 28/01/2021-ലെ 2127/20/DPC/DPO/IDK അന്തിമ ഉത്തരവ് പ്രകാരം വിവിധ ഫണ്ടുകൾ വകയിരുത്തി ആകെ 156 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്. ആയതിൽ 139 പ്രോജക്ടുകൾക്ക് തുക വിനിയോഗിക്കാൻ കഴിഞ്ഞിട്ടുണ്ട്. വിവിധ പദ്ധതികൾക്കായി ആകെ വകയിരുത്തിയിരുന്ന ₹43204723/-ന്റെ 89.10% (₹27823846/-) മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞത്. വി.ഇ.ഒ,ഡയറി എക്സ്റ്റൻഷൻ ഓഫീസർ എന്നിവരുടെ ഫണ്ട് വിനിയോഗം വളരെ കുറവാണ്. തുക പൂർണ്ണമായി വിനിയോഗിക്കാൻ കഴിയാതെ ലാപ്സായിട്ടുണ്ട്.

വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ് പരിശോധിച്ചതിൽ പ്രോജക്ടുകളുടെ രൂപീകരണം നിർവ്വഹണം എന്നിവയിൽ ശ്രദ്ധ ചെലുത്തുകയും നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം അവലോകനം നടത്തുകയും ചെയ്യുവരുന്നുണ്ട്. എന്നാൽ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾ തങ്ങൾക്ക് കീഴിലുള്ള നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം സംബന്ധിച്ച് നിരന്തര വിലയിരുത്തൽ നടത്തി കാണുന്നില്ല. ഭരണ സമിതി യോഗങ്ങളിലും പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച നിരന്തര വിലയിരുത്തൽ നടത്തിയതായി കാണുന്നില്ല. പദ്ധതി രൂപീകരണശേഷം മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ ബന്ധപ്പെട്ട മേഖലകളിൽ തങ്ങളെ ഏൽപ്പിച്ച ഉത്തരവാദിത്വം നിറവേറ്റുന്നതിനായി പ്രവർത്തനങ്ങളൊന്നും നടത്തി കാണുന്നില്ലെന്ന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സുകൾ പരിശോധിച്ചതിൽ വ്യക്തമാവുന്നു. ചില വർക്കിംഗ് ഗ്രൂപ്പുകൾ സാമ്പത്തിക വർഷത്തിൽ പ്രോജക്ട് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ മാത്രമാണ് യോഗം ചേർന്നിരിക്കുന്നത്.

1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 50465 | 862959 | 913424 | 664393 | 249031 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 11264049 | 11264049 | 11264049 | 0 |

1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 5640 | 16 |
| കർഷക തൊഴിലാളി പെൻഷൻ | 4150800 | 267 |
| വിധവാ പെൻഷൻ | 4644900 | 321 |
| വാർദ്ധക്യകാല പെൻഷൻ | 13652600 | 1094 |
| വികലാംഗ പെൻഷൻ | 1902100 | 121 |
| അവിവാഹിതർക്കുള്ള പെൻഷൻ | 354300 | 22 |
| വിധവകളുടെ മക്കൾക്കുള്ള ധനസഹായം | 120000 | 6 |

1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.06.2022-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹9023/- ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-8 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഓർഡർ പ്രകാരം ജോലി വിഭജനം നടത്തുന്നുണ്ട്. സ്ഥലം മാറിപ്പോകുന്ന ഉദ്യോഗസ്ഥർ ഫയലുകളും രേഖകളും കൈമാറ്റം ചെയ്യുന്നില്ല. വസ്തു നികുതി പിരിവ് മോണിട്ടറിംഗ് നടത്തുന്നില്ല. പൊതുമരാമത്ത് പ്രവൃത്തികളുടെ കരാർ ഉടമ്പടി രജിസ്റ്റർ, ക്യാഷ് ബുക്ക്, ആസ്തി രജിസ്റ്റർ എന്നിവ കാലികമാക്കി പരിപാലിക്കുന്നില്ല. ഫയലുകൾ കറിപ്പ് സഹിതം സെക്ഷനുകളുടെ സീൽ പതിച്ച് ഒപ്പ് വെച്ച് പരിപാലിക്കുകയോ തൻപതിവേട് യഥാവിധി പരിപാലിക്കുകയോ ചെയ്യുന്നില്ല. വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ചർച്ച ചെയ്യുന്ന വിഷയങ്ങൾ അജണ്ടയിൽ ഉൾപ്പെടുത്തുന്നില്ല. പ്രോജക്ടുകൾ അവലോകനം നടത്തുന്നില്ല. തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വാങ്ങിയ സാധന സാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടെങ്കിലും കൈപ്പറ്റുന്ന ആളുടെ വിവരം രേഖപ്പെടുത്തുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.

സ്റ്റാൻഡിംഗ് കമ്മിറ്റികൾ ചേരുമ്പോൾ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ച് പ്രോജക്ടുകളുടെ പുരോഗതി വിലയിരുത്തേണ്ടതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ വസ്തുനികുതി പിരിവ്, ഓഡിറ്റ് ഒബ്ജക്ഷൻ ഒഴിവാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ, ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ച് ചർച്ച ചെയ്യുന്നില്ല. വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് നടപ്പിലാക്കുന്നില്ല.

പഞ്ചായത്തിൽ 13 വർക്കിംഗ് ഗ്രൂപ്പുകൾക്ക് രൂപം നല്കിയിട്ടുണ്ടെങ്കിലും അവയൊന്നും തന്നെ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. ഓഡിറ്റ് വർഷത്തിൽ 1 യോഗം മാത്രമാണ് ചേർന്നിട്ടുള്ളത്. വർക്കിംഗ് ഗ്രൂപ്പുകളുടെ ഫലപ്രദവും കാര്യക്ഷമവുമായ പ്രവർത്തനം പദ്ധതി നിർവ്വഹണത്തിന് അത്യന്താപേക്ഷിതമായതിനാൽ ഭരണ സമിതി ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള വിവിധ മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിലും പദ്ധതി പുരോഗതി വിലയിരുത്തി അനുവദിച്ച പദ്ധതിപ്പണം, സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തുവാനും സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് സാധിച്ചിട്ടില്ല.

പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതുണ്ട്.

1- 8-1) അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ, മറ്റ് സ്ഥാപനങ്ങൾ, വകുപ്പുകൾ തുടങ്ങിയവ നൽകുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ്, മിച്ചം വന്ന തുകയുടെ തിരിച്ചടവ് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല. വിവിധ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ രേഖപ്പെടുത്താത്തതിനാൽ വാർഷിക കണക്കുകളിൽ കൊടുത്തിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് സാധിക്കുന്നില്ല.

1-8-2) മുൻകൂർ രജിസ്റ്റർ

മുൻകൂർ രജിസ്റ്ററിൽ ഓണം മുൻകൂർ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വാർഷിക കണക്കുകൾ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർക്കുള്ള മുൻകൂർ, മറ്റുള്ളവർക്കുള്ള മുൻകൂർ എന്നിവയ്ക്കായി തുക വിനിയോഗിച്ചിട്ടുണ്ട്. എന്നാൽ, രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

1-8-3 സ്റ്റോക്ക് രജിസ്റ്റർ

വാങ്ങുന്ന സ്റ്റോക്കുകളുടെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ബിൽ/വൗച്ചർ വിവരങ്ങൾ, പർച്ചേസ് ബിൽ വിവരങ്ങൾ, സ്പെസിഫിക്കേഷൻ വാറണ്ടി സ്റ്റോക്കിന്റെ മൂല്യം ഉടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. സാമ്പത്തിക വർഷാവസാനം സ്റ്റോക്കുകളുടെ ഭൗതിക പരിശോധന നടത്തി റിപ്പോർട്ട് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

1-8-4 സ്യൂട്ട് രജിസ്റ്റർ

സ്യൂട്ട് രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിലും എല്ലാ കോളത്തിലും ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തുന്നില്ല. അതിനാൽ, കേസുകളുടെ തൽസ്ഥിതി സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ നിന്നും വ്യക്തമായി അറിയുന്നതിന് സാധിക്കുന്നില്ല.

1-8-5) ഓഡിറ്റ് റിക്കവറി രജിസ്റ്റർ

ഓഡിറ്റ് റിക്കവറി രജിസ്റ്ററിൽ വിവിധ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലെ ഖണ്ഡികകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ഖണ്ഡികകളിൽ പരാമർശിച്ചിട്ടുള്ള നഷ്ടോത്തരവാദിത്വം സംബന്ധിച്ച വിവരങ്ങൾ, തുക തിരികെ ഒടുക്കിയിട്ടുള്ളതിന്റെ വിവരങ്ങൾ എന്നിവ ചേർത്ത് കാലികമാക്കിയിട്ടില്ല.

1-8-6) ഡെപ്പോസിറ്റ് രജിസ്റ്റർ

ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. ഡെപ്പോസിറ്റുകളുടെ റീഫണ്ട് വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി അധികൃതമാക്കിയിട്ടില്ല. എല്ലാ കോളത്തിലും ആവശ്യമായ രേഖപ്പെടുത്തൽ നടത്തിയിട്ടില്ല.

1-8-7) ലോൺ രജിസ്റ്റർ - സൂക്ഷിക്കുന്നില്ല

ലോൺ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ലോൺ രജിസ്റ്റർ എഴുതി പൂർത്തിയാക്കി സൂക്ഷിക്കേണ്ടതും ബാങ്ക് സ്റ്റേറ്റുമെന്റുമായി പൊരുത്തപ്പെടുത്തേണ്ടതുമാണ്.

1-9 വാർഷികകണക്കിലെ അപാകതകൾ

1.2019-20 ലെ വാർഷികകണക്കിൽ ബി 9 ഷെഡ്യൂളിൽ Otherliability ആയികാണിച്ചിരിക്കുന്ന ₹10600/- 2020-21 ലെ വാർഷികകണക്കിൽ ബി 2 ഷെഡ്യൂളിൽ ആണ് ചേർത്തിട്ടുള്ളത്.

2.ബാലൻസ് ഷീറ്റ് ബി-5 ഷെഡ്യൂൾ പ്രകാരമുള്ള ബാലൻസ് ₹4545642/-ആയിരിക്കെ ബി-16 ഷെഡ്യൂൾ പ്രകാരമുള്ള ബാലൻസ് ₹4542667/- ആണ്. പ്രസ്തുത വ്യത്യാസത്തിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

3.ഹെഡ് നം. 460509901-ൽ അഡ്വാൻസ് ടു അദേഴ്സ് എന്ന ഇനത്തിലുള്ള ₹587582/- അഡ്വാൻസ് രജിസ്റ്ററിൽ ചേർത്തിട്ടില്ല

1-9-1 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ സമയബന്ധിതമായി വിനിയോഗിക്കാതെ പഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ ബാലൻസ് ഷീറ്റ് പ്രകാരം 31.03.2021-ൽ ചുവടെ കൊടുത്തിരിക്കുന്ന ഹെഡുകളിൽ നീക്കിയിരിപ്പ് ഉണ്ട്.

| ക്രമ നം. | ഹെഡ് | തുക ₹ |
|---|---|---|
| 1 | 320100125 | 358885 |
| 2 | 320100128 | 249031 |
| 3 | 320100191 | 78449 |
| 4 | 320100195 | 504663 |
| 5 | 320100197 | 33911 |
| 6 | 320100198 | 955489 |
| 8 | 320100199 | 12728 |
| 9 | 320100999 | 10600 |
| 10 | 320200307 | 5099 |
| 11 | 320200399 | 207391 |
| 12 | 320300103 | 12000 |
| 13 | 320300199 | 333544 |
| 14 | 320700204 | 302354 |
| 15 | 320700205 | 222700 |

വിവിധ പ്രോജക്ടുകൾക്കായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ, വകുപ്പുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവ വിവിധ വർഷങ്ങളിൽ അനുവദിച്ച തുകയാണ് ചെലവഴിക്കാതെ പഞ്ചായത്തിന്റെ വിവിധ അക്കൗണ്ടുകളിൽ സൂക്ഷിച്ചിരിക്കുന്നത്. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിപാലിക്കുന്നില്ലാത്തതിനാൽ തുകകളുടെ വിശദാംശങ്ങൾ ലഭ്യമല്ല. മേൽ തുകകളുടെ വരവ് വിശദാംശങ്ങൾ, തുക നൽകിയ സ്ഥാപനം/ഏജൻസി-യുടെ വിവരം, തുക അനുവദിച്ചതിന്റെ ഉദ്ദേശ്യം, തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്. തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ബാദ്ധ്യത ശീർഷകത്തിൽ നിന്നും ഒഴിവാക്കി ഇൻകം ശീർഷകത്തിലേയ്ക്ക് മാറ്റി അക്കൗണ്ട് ക്രമീകരിക്കേണ്ടതാണ്.

1-9-2 സാംഖ്യ-ILGMS പോർട്ടിംഗ്

ഗ്രാമ പഞ്ചായത്തിൽ ILGMS സോഫ്റ്റ്‌വെയർ ആരംഭിച്ചത് 5.10.2020 മുതലാണ്. 3.10.2020 വരെ സാംഖ്യയിൽ തയ്യാറാക്കിയ സാമ്പത്തിക ഇടപാടുകളുടെ ആകെ ഡാറ്റാ, PDE (Past Data Entry)-യിലൂടെ ILGMS ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 03.10.2020-ലെ സാംഖ്യ പ്രകാരമുള്ള ബാലൻസ്ഷീറ്റ്, റസിപ്റ്റ് ആന്റ് പെയ്മെന്റ്, ഇൻകംആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവ ILGMS ൽ ഉൾപ്പെടുത്തിയപ്പോൾ കണ്ടെത്തിയ വ്യതിയാനങ്ങൾ ചുവടെ ചേർക്കുന്നു.

| ഹെഡ് നം | ഷെഡ്യൂൾ | ഇനം | 3.10.20 സാംഖ്യ പ്രകാരം നീക്കിയിരിപ്പ് | 3.10.20 ILGMS പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|
| 310000000 | B1 | പഞ്ചായത്ത് ജനറൽ ഫണ്ട് | 5096833.19 | 5074799.19 |
| 320000000 | B4 | ഗ്രാന്റ്,ഫണ്ട്സ് ആന്റ് കോൺട്രിബ്യൂഷൻ ഫോർ സ്പെസിഫിക് പർപസ് | 3734279 | 3225005 |
| 350000000 | B9 | അദർ ലയബിലിറ്റിസ് | 385775 | 933503 |
| 410000000 | B11 | ഫിക് സഡ് അസറ്റ് | 32666079 | 1443296 |
| 431000000 | B15 | സൻട്രി ഡെറ്റേഴ്സ് | 1744640 | 1742126 |
| 450000000 | B-17 | ക്യാഷ് ആന്റ് ബാങ്ക് ബാലൻസ് | 4473239 | 4480153 |
| 460000000 | B18 | ലോൺസ് അഡ്വാൻസ് ആന്റ് ഡോപ്പോസിറ്റ്സ് | 650031 | 662031 |
| 230000000 | I-12 | ഒപ്പറേഷൻ ആന്റ് മെയിന്റനൻസ് | 199905 | 539153 |
| 250000000 | I-14 | ഡിസെന്ററലൈസ്ഡ് പ്ളാൻ പ്രോഗ്രാം -പ്രോഡക്റ്റീവ് സെക്ടർ | 1794260 | 1455012 |
| 251000000 | I-14(a) | ഡിസെന്ററലൈസ്ഡ് പ്ളാൻ പ്രോഗ്രാം -സർവ്വീസ് സെക്ടർ | 3542949 | 2981058 |
| 252000000 | I-14(b) | ഡിസെന്ററലൈസ്ഡ് പ്ളാൻ പ്രോഗ്രാം -ഇൻഫ്രാസ്ട്രക്ചർ സെക്ടർ | 661614 | 2807552 |
| 253000000 | I-14(c) | ഡിസെന്ററലൈസ്ഡ് പ്ളാൻ പ്രോഗ്രാം -പ്രോജക്റ്റ് നോട്ട് ഇൻക്ളൂഡഡ് ഇൻ സെക്ടർ ഡിവിഷൻ | 102502 | 664393 |
| 254000000 | I-14(d) | എക്സ്പെൻഡിച്ചർ ഓഫ് ട്രാൻസ്ഫേർഡ് ഇനിസ്റ്റിറ്റ്യൂഷന് ആന്റ് സ്റ്റേറ്റ് സ്പോൺസേർഡ് സ്കീംസ് | 130640 | 1521591 |
| 256000000 | I-14(e) | മെയിന്റനൻസ് പ്രോജക്ട് | 3536890 | 00 |

മേൽ അപാകതകൾ പരിഹരിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-10 ILGMS പരിശോധനയിൽ കണ്ട അപാകതകൾ

1.രസീത് ബുക്കുകൾ ILGMS ൽ വിതരണം ചെയ്യപ്പോൾ സംഭവിച്ച അപാകതകൾ താഴെ സൂചിപ്പിക്കുന്നു.

| ക്രമ നം. | രസീത് ബുക്ക് നം./വിതരണ തീയതി | അപാകത |
|---|---|---|
| 1 | 17232/27-3-21 | ILGMS ൽ വിതരണം നടത്തിയിട്ടില്ല, മാന്വലായി മാത്രമാണ് രസീത് ബുക്ക് ക്ലോസ് ചെയ്തിട്ടുള്ളത് |
| 2 | 17233/27-3-21 | ILGMS ൽ വിതരണം നടത്തിയിട്ടില്ല, മാന്വലായി മാത്രമാണ് രസീത് ബുക്ക് ക്ലോസ് ചെയ്തിട്ടുള്ളത് |
| 3 | 17234/8-4-21 | ILGMS ൽ വിതരണം നടത്തിയിട്ടില്ല, മാന്വലായി മാത്രമാണ് രസീത് ബുക്ക് ക്ലോസ് ചെയ്തിട്ടുള്ളത് |
| 4 | 9918/28-2-22 | രസീതുകൾ ILGMS ൽ ക്ലോസ് ചെയ്തിട്ടില്ല |
| 5 | 9919/14-3-22 | രസീതുകൾ ILGMS ൽ ക്ലോസ് ചെയ്തിട്ടില്ല |
| 6 | 9920/14-3-22 | രസീതുകൾ ILGMS ൽ ക്ലോസ് ചെയ്തിട്ടില്ല |
| 7 | 17246/14-3-22 | രസീതുകൾ ILGMS ൽ ക്ലോസ് ചെയ്തിട്ടില്ല |

2. നിർവ്വഹണോദ്യോഗസ്ഥർക്ക് നൽകിയ രസീത് ബുക്കുകൾ ILGMS വഴി വിതരണം നടത്തിയിട്ടില്ല.
മേൽ അപാകതകൾ പരിഹരിച്ച് ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

1-11 തടി ലേലം നടക്കാത്തതിനാൽ നഷ്ടം

താഴെ സൂചിപ്പിക്കുന്ന തടികൾ ലേലം കൊള്ളാൻ ആളില്ലാത്തതിനാൽ നാശോന്മുഖമായി ശേഷിക്കുന്നു.ഇവ പുനർലേലം കൊള്ളാൻ സ്വീകരിച്ച തുടർനടപടികൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.15/28-06-22 ന് മറുപടി ലഭ്യമാക്കിയില്ല.

| ക്രമനം. | ഇനം | വാല്യുവേഷൻ തുക₹ |
|---|---|---|
| 1 | കൊടികത്തി അംഗനവാടിക്ക് സമീപം മുറിച്ചിട്ടിരിക്കുന്ന തേക്ക് മരം | 39292 |
| 2 | നെടിയശാല എസ്ബിഐക്ക് സമീപം പഞ്ചായത്ത് പൊതു കിണറിനോട്ചേർന്ന് മുറിച്ചിട്ടിരിക്കുന്ന പ്ലാവ് | 5783 |
| 3 | 6-ാംവാർഡ് അംഗനവാടിക്ക് സമീപം അപകടാവസ്ഥയിൽ നിൽക്കുന്ന പ്ലാവ് മരം | 1492 |
| 4 | പുറപ്പുഴ എൽപി സ്കൂളിന് സമീപം മുറിച്ചിട്ടിരിക്കുന്ന പ്ലാവിൻ കഷ്ണങ്ങൾ | 4320 |

പുനർലേലം നടത്തി വാല്യുവേഷൻ തുക കുറച്ചിട്ടും ലേലം നടക്കുന്നില്ലാത്ത പക്ഷം ഉചിതമായ തീരുമാനങ്ങളിലൂടെ ഉരുപ്പടികൾ നശിച്ച് പോകാതെ വിൽപന നടത്തി വരുമാനം തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. തുടർ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-12 വിവിധ വാർഡുകളിൽ ചെറിയ സോളാർ ലൈറ്റ് സ്ഥാപിക്കൽ- പദ്ധതി നടത്തിപ്പിലെ അപാകത, ചെലവ് തടസ്സം ₹202500/-

| | |
|---|---|
| പ്രോജക്ട് | 135/21, വിവിധ വാർഡുകളിൽ ചെറിയ സോളാർ ലൈറ്റ് സ്ഥാപിക്കൽ |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ | ₹209823/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ബിൽ നം./തീയതി/തുക | 20100552017000174073/11.04.2020/₹202500/- |

മേൽ പദ്ധതിക്കായി 14.02.2020 ലെ ജി2-4608/20 നമ്പർ ടെണ്ടർ നോട്ടീസ് പ്രകാരം '18w Standalone Solar LED Street Light With One Year Warrenty, എന്ന ഇനം ടെണ്ടർ ക്ഷണിക്കുകയും കുറഞ്ഞ നിരക്കായ ₹22500/- രേഖപ്പെടുത്തിയ നിർമ്മല ബാറ്ററി സെന്റർ, കട്ടപ്പന എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും

ചെയ്തു. പിന്നീട് പദ്ധതി നിർവ്വഹണത്തിന് ശേഷം പ്രസ്തുത സ്ഥാപനം ലഭ്യമാക്കിയ 19.03.2020 ലെ ഇൻവോയ്സ് നം.എബി112 പ്രകാരം 30 W Solar Street Light സ്ഥാപിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. ഇപ്രകാരം സ്ഥാപിച്ചതായ 9 സ്ട്രീറ്റ് ലൈറ്റിന്, മുകളിൽ സൂചിപ്പിച്ചിട്ടുള്ള ബിൽ പ്രകാരം ₹202500/- നൽകിയിരിക്കുന്നു. 18 W Street Light സ്ഥാപിക്കുവാൻ ടെണ്ടർ നൽകിയ സ്ഥാപനം അതേ നിരക്കിൽ 30 W Solar Street Light സ്ഥാപിച്ചിരിക്കുന്നു എന്നത് അവിശ്വസനീയമായി കാണേണ്ടതാണ്. ഇവിടെ ഇലക്ട്രിക്കൽ വിഭാഗത്തിന്റെ എസ്റ്റിമേറ്റ്, സൂപ്പർവിഷൻ, ബിൽ എന്നിവ ഇല്ലാതെയാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്. ഇൻവോയ്സ് പ്രകാരമുള്ള ലൈറ്റ് സ്ഥാപിച്ചത് സംബന്ധിച്ച് ക്ഷമതയുള്ള അധികാരസ്ഥാനത്ത് നിന്നും യാതൊരു പരിശോധനയും നടത്താതെയാണ് തുക നൽകിയിട്ടുള്ളത്. ഇൻവോയ്സിൽ ഇപ്രകാരമുള്ള വ്യതിയാനം ഉണ്ടായിരുന്നിട്ടും വ്യക്തത വരുത്താതിരുന്നത് ഗുരുതരമായ വീഴ്ചയായി കാണുന്നു. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് 29.06.2022 ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 18 ന് ലഭ്യമാക്കിയ മറുപടിയിൽ പദ്ധതി നിർവ്വഹണ വേളയിൽ 18 W ലൈറ്റ് ലഭ്യമല്ലാത്തതിനാൽ 30 W Solar Street Light ആണ് സ്ഥാപിച്ചിട്ടുള്ളതെന്നും ടെണ്ടറിൽ അംഗീകരിച്ച തുക മാത്രമാണ് നൽകിയിട്ടുള്ളതെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. പ്രവൃത്തി സംബന്ധിച്ച് ബന്ധപ്പെട്ട അതോറിറ്റിയുടെ പരിശോധനാ റിപ്പോർട്ട് ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മറുപടി അംഗീകരിക്കുന്നു. പരിശോധനാ റിപ്പോർട്ട് ലഭ്യമാക്കുന്നത് വരെ ചെലവ് തുക ₹202500/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. റിപ്പോർട്ട് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-13 നിലവിലുള്ള സോളാർ ലൈറ്റുകളുടെ മെയിന്റനൻസ് - പദ്ധതി നിർവ്വഹണത്തിൽ അപാകത, ചെലവ് തടസ്സം ₹74900/-

| | |
|---|---|
| പ്രോജക്റ്റ് | 134/21, നിലവിലുള്ള സോളാർ ലൈറ്റുകളുടെ മെയിന്റനൻസ് |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ | ₹75000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ബിൽ നം./തീയതി/തുക | 20100552017000174074/ 11.04.2020/ ₹74900/- |

മേൽ പദ്ധതിക്കായി 14.02.2020 ലെ ജി2-4608/20 നമ്പർ ടെണ്ടർ നോട്ടീസ് പ്രകാരം '12w Stand Alone Solar LED Street Light ' അറ്റകുറ്റപ്പണികൾക്കായി ടെണ്ടർ ക്ഷണിച്ചെങ്കിലും ഒരാൾ മാത്രം പങ്കെടുത്തതിനാൽ 02.03.2020 ലെ ഇതേ നമ്പർ നോട്ടീസ് പ്രകാരം റീ ടെണ്ടർ നടത്തി. പ്രസ്തുത ടെണ്ടറിൽ പങ്കെടുത്ത ഏക സ്ഥാപനമായ Systems&Technologies, Vazhithala എന്ന സ്ഥാപനം ലൈറ്റ് ഒന്നിന് ₹10700/- നിരക്ക് അംഗീകരിച്ചിട്ടുണ്ട്. പ്രവൃത്തി സംബന്ധിച്ച് സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടതായി കാണുന്നില്ല. എന്നാൽ നിർവ്വഹണത്തിന് ശേഷം സ്ഥാപനം സമർപ്പിച്ച ഇൻവോയ്സ് പ്രകാരം 8 W Solar Street Light Maintenance നടത്തിയതായി രേഖപ്പെടുത്തി ഏഴ് സോളാർ ലൈറ്റ് അറ്റകുറ്റപ്പണി നടത്തിയതിന് ₹74900/- നൽകിയിരിക്കുന്നു. ചുമതലപ്പെടുത്തിയ പ്രവൃത്തി നിർവ്വഹിച്ചില്ല എന്ന് മാത്രമല്ല 12w Solar LED Street Light Maintenance-ന്റെ അതേ നിരക്ക് 8w Solar Street Light Maintenance-ന് നൽകുകയും ചെയ്തിരിക്കുന്നു. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് 28.06.2022 ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 17 ന് ലഭ്യമാക്കിയ മറുപടിയിൽ പദ്ധതിയുടെ നിർവ്വഹണ വേളയിൽ 8w Solar Street Light ആണ് മുമ്പ് സ്ഥാപിച്ചിട്ടുള്ളത് എന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം 12w ലൈറ്റിന് പകരം 8w ലൈറ്റ് ഉപയോഗിച്ചിട്ടുള്ളത് എന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ടെണ്ടർ ക്ഷണിക്കുന്നതിന് മുമ്പ് ആവശ്യമുള്ള സാധന സാമഗ്രിപോലും തിട്ടപ്പെടുത്താതെ പദ്ധതി ഏറ്റെടുത്തത് ശരിയായ നടപടിക്രമമല്ല. കൂടാതെ തുക നൽകിയപ്പോൾ വാങ്ങിയ സാധനത്തിലുണ്ടായ വിലവ്യത്യാസം കണക്കിലെടുത്തിട്ടില്ല എന്നതും വീഴ്ചയായി കാണുന്നു. ഇത് സംബന്ധിച്ച് ക്ഷമതയുള്ള അധികാരിയുടെ പരിശോധന നടത്തേണ്ടതും തുക അധികം നൽകിയിട്ടുണ്ടെങ്കിൽ കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതുമാണ്. ചെലവ് തുക ₹74900/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-14 വള്ളിക്കെട്ട് ജംഗ്ഷനിൽ സോളാർ ലൈറ്റ് സ്ഥാപിക്കൽ- പദ്ധതി നിർവ്വഹണത്തിലെ അപാകത, തടസ്സം ₹148500/-

| | |
|---|---|
| പ്രോജക്റ്റ് | 130/21, വള്ളിക്കെട്ട് ജംഗ്ഷനിൽ സോളാർ ലൈറ്റ് സ്ഥാപിക്കൽ |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ | ₹155548/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ബിൽ നം./തീയതി/തുക | 20100552017000174072/ 11.04.2020/ ₹148500/- |

വള്ളിക്കെട്ട് ജംഗ്ഷനിൽ സോളാർ ലൈറ്റ് സ്ഥാപിക്കൽ എന്ന പദ്ധതി 2019-20 ൽ ഏറ്റെടുത്തപ്പോൾ അക്രഡിറ്റഡ് ഏജൻസിയായ കെൽട്രോൺ മുഖാന്തരം നിർവ്വഹണം എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 07.02.2020 ലെ 1(2) തീരുമാനപ്രകാരം ടി പദ്ധതി കെൽട്രോൺ മുഖേന നിർവ്വഹണം നടത്തുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ 14.02.2020 ലെ ജി.2- 4608/20 നമ്പർ നോട്ടീസ് പ്രകാരം ടി പദ്ധതിക്കായി ടെണ്ടർ ക്ഷണിച്ചിരിക്കുന്നു. കമ്മിറ്റി തീരുമാനത്തിനും പ്രോജക്റ്റ് വിഭാവനം ചെയ്തതിനും വിരുദ്ധമായി ടെണ്ടർ ക്ഷണിച്ചതിന് കാരണം വ്യക്തമല്ല.

ടെണ്ടർ നോട്ടീസ് പ്രകാരം 12.5 മീറ്റർ ഉയരത്തിൽ Poligonal Pole, 4 Light With 15-20 W എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ലഭിച്ച രണ്ട് ടെണ്ടറുകളിൽ ഒന്ന് 2.5 % കൂടിയ നിരക്കും മറ്റൊന്ന് 1% കുറഞ്ഞ നിരക്കുമാണ് രേഖപ്പെടുത്തിയിരുന്നത്. ഇതിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ.അഭിലാഷ് കെ.എസ്. എന്നയാളുടെ ടെണ്ടർ അംഗീകരിച്ചു. എന്നാൽ ടി ടെണ്ടറിൽ 4.5 M Pole എന്നാണ് ഉയരം രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് മൂലം ഉണ്ടാവുന്ന വില വ്യതിയാനം കണക്കിലെടുക്കാതെയാണ് ടെണ്ടർ അംഗീകരിച്ച് നിർവ്വഹണം നടത്തിയിട്ടുള്ളത്.

ജില്ലാ ഇലക്ട്രിക്കൽ വിഭാഗത്തിന്റെ എസ്റ്റിമേറ്റ്, സൂപ്പർവിഷൻ, ബിൽ തയ്യാറാക്കൽ തുടങ്ങിയവ ഇല്ലാതെയാണ് പദ്ധതി നിർവ്വഹണം നടത്തിയിട്ടുള്ളത്.

വള്ളിക്കെട്ട് ജംഗ്ഷനിൽ സോളാർ ലൈറ്റ് സ്ഥാപിക്കൽ എന്നതാണ് പദ്ധതി എന്നിരിക്കെ സ്ഥാപനം സമർപ്പിച്ച ഇൻവോയ്സ് പ്രകാരം 20 W Solar Street Light With Pole 4 എണ്ണം എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിൽ നിന്ന് സ്ഥാപിച്ചിട്ടുള്ള ലൈറ്റിന്റെ എണ്ണം സംബന്ധിച്ച് അവ്യക്തത ഉണ്ട്. ക്ഷമതയുള്ള അധികാരിയുടെ സാക്ഷ്യപത്രമോ പരിശോധനയോ നടത്താതെയാണ് തുക അനുവദിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് 28.06.2022 ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 16 ന് ലഭ്യമാക്കിയ മറുപടിയിൽ പദ്ധതി നിർവ്വഹണ വേളയിൽ പ്രസ്തുത ഇനം ലൈറ്റുകൾ ലഭ്യമല്ല എന്ന് കെൽട്രോണിൽ നിന്നും അറിയിച്ചിട്ടുള്ളതിനാൽ ടെണ്ടർ ക്ഷണിക്കുകയായിരുന്നു എന്ന് അറിയിച്ചിട്ടുണ്ട്. ആയത് അംഗീകരിക്കുന്നു. കൂടാതെ 20 W Solar Street Light 12.5 മീറ്റർ ഉയരത്തിൽ സ്ഥാപിച്ചാൽ ആവശ്യമായ വെളിച്ചം ലഭിക്കില്ല എന്ന് വാർഡ് മെമ്പറും ഭരണസമിതിയും വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ 4.50 മീറ്റർ പോൾ എന്ന് രേഖപ്പെടുത്തിയ ശ്രീ. അഭിലാഷ് കെ.എസ്. എന്നയാളുടെ ടെണ്ടർ അംഗീകരിച്ചിട്ടുള്ളതാണ് എന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. കൂടാതെ ബന്ധപ്പെട്ട അതോറിറ്റിയുടെ പരിശോധന റിപ്പോർട്ട് ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ടെണ്ടർ ക്ഷണിച്ചതിന് ശേഷം ഭരണ സമിതി ഇപ്രകാരം വിലയിരുത്തൽ നടത്തിയതിനാൽ ടെണ്ടറിൽ പങ്കെടുത്ത മറ്റ് അംഗങ്ങൾക്ക് ശരിയായ നിരക്ക് രേഖപ്പെടുത്തുവാൻ അവസരം നിഷേധിച്ചിരിക്കുന്നു. ഇലക്ട്രിക്കൽ വിഭാഗത്തിന്റെ എസ്റ്റിമേറ്റ് ഇല്ലാതെ പ്രവൃത്തി ഏറ്റെടുത്തതിനാലാണ് അപാകത സംഭവിച്ചിട്ടുള്ളത്. 12.50 M. Poligonal Pole, 4.5 M. Pole എന്നിവ തമ്മിലുള്ള വിലവ്യതിയാനം പരിഗണിക്കാതെ തുക അനുവദിക്കുകയും ചെയ്തു. ആയതിനാൽ ക്ഷമതയുള്ള അധികാരിയുടെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുക അധികമായി നൽകിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാവാതെ ശ്രദ്ധിക്കേണ്ടതുമാണ്. ചെലവ് തുക ₹148500/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-15 പകൽവീട് അധികസൗകര്യം ഏർപ്പെടുത്തൽ- ഫർണിച്ചർ വാങ്ങൽ മാത്രമാണ് നടന്നിട്ടുള്ളത്, പ്രവർത്തനം ആരംഭിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് | 67/21, പകൽവീട് അധികസൗകര്യം ഏർപ്പെടുത്തൽ |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ | ₹75000/- (വികസന ഫണ്ട്-ജനറൽ) |
| ബിൽ നം./തീയതി/തുക | 20100552017000724035/ 11.11.2020/ ₹33870/- |

മേൽ പദ്ധതി പ്രകാരം പകൽ വീടിന്റെ പ്രവർത്തനത്തിനായി അലമാര, സ്റ്റീൽ മേശകൾ, പ്ലാസ്റ്റിക് കസേരകൾ, ദിവാൻ കോട്ട് തുടങ്ങിയ ഫർണിച്ചറുകൾ വാങ്ങിയിട്ടുണ്ട്. എന്നാൽ പകൽ വീടിന്റെ പ്രവർത്തനം നാളിതുവരെ ആരംഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് 25.06.2022 ന് നൽകിയ

ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 12 ന് ലഭ്യമാക്കിയ മറുപടിയിൽ വാങ്ങിയ ഫർണിച്ചർ പകൽ വീട്ടിൽ സൂക്ഷിച്ചിട്ടുണ്ടെന്നും കോവിഡ് മഹാമാരി കാരണമാണ് പ്രവർത്തനം തുടങ്ങുവാൻ കഴിയാത്തതെന്നും അറിയിച്ചിട്ടുണ്ട്. പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്. പകൽവീടിന്റെ പ്രവർത്തനം ആരംഭിച്ച് വിവരം അറിയിക്കേണ്ടതാണ്. ചെലവ് തുക ₹33870/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-16 എസ്.എസ്.എ - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

സമഗ്ര ശിക്ഷാ അഭിയാൻ പദ്ധതിയുടെ ഭാഗമായി ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹241130/- പിൻവലിച്ച് സർവ്വ ശിക്ഷാ അഭിയാൻ, പ്രോജക്ട് ഓഫീസർക്ക് നൽകിയിട്ടുണ്ട്. എന്നാൽ, എസ്.എസ്.എ. വിഹിതം ആവശ്യപ്പെട്ടുകൊണ്ടുള്ള ഡിമാന്റ് നോട്ടീസ്, തുക ഉപയോഗിച്ച് ഗ്രാമപഞ്ചായത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ വിശദമായ വിനിയോഗ സാക്ഷ്യപത്രം എന്നിവ എസ്.എസ്.എ-യിൽ നിന്നും ലഭ്യമാക്കിയിട്ടില്ല.

| പ്രോജക്ടിന്റെ പേര് | അടങ്കൽ (₹) | ബിൽ നം./തിയതി | ഫണ്ട് | തുക (₹) | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|
| എസ്.എസ്.എ. വിഹിതം ജനറൽ (30/2021) | 71130 വികസന ഫണ്ട് (പൊതുവിഭാഗം) | 20100552017301124583 തീ. 22.02.2021 | വികസന ഫണ്ട് (പൊതുവിഭാഗം) | 71130 | സെക്രട്ടറി |
| | 170000 ധനകാര്യ കമ്മീഷൻ ഗ്രാൻറ് | 20100552017301129l676 തീ. 19.03.2021 | ധനകാര്യ കമ്മീഷൻ ഗ്രാൻറ് | 170000 | |

29.01.2018-ലെ സ.ഉ(കൈ)നം.11/2018/തസ്വഭവ-യിലെ ഖണ്ഡിക 7.6(3) പ്രകാരം എസ്.എസ്.എ, ആർ.എം.എസ്.എ പ്രോജക്ടുകൾക്ക് തുക വകയിരുത്തണമെന്നും പ്രോജക്ടുകളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്ഥാപനം മുഖ്യപങ്ക് വഹിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ, തുക കൈമാറിയിട്ടുള്ളതല്ലാതെ എസ്.എസ്.എ. പ്രോജക്ടുകൾ നടപ്പാക്കുന്നതിന് യാതൊരു നടപടിയും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്തിൽ 2020-2021 സാമ്പത്തിക വർഷം എസ്.എസ്.എ പ്രകാരം ആവിഷ്കരിച്ച പ്രോജക്ടുകളുടെ നിർവ്വഹണവും ഗ്രാമ പഞ്ചായത്ത് കൈമാറിയ തുക ഉൾപ്പെടുത്തി തയ്യാറാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങളും വിനിയോഗ വിവരവും ലഭ്യമാക്കേണ്ടതാണ്. പ്രോജക്ടുകളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്ഥാപനം മുഖ്യപങ്ക് വഹിക്കേണ്ടതാണ്. പ്രോജക്ടുകൾക്കായി ചെലവഴിച്ച ₹241130/- തടസ്സപ്പെടുത്തുന്നു.

1-17 പുറപ്പുഴ ഹൈമാസ്റ്റ് ലൈറ്റിന്റെ മെയിന്റനൻസ് - നിർവ്വഹണത്തിലെ അപാകത, ചെലവ് തടസ്സം ₹39000/-

| | |
|---|---|
| പ്രോജക്ട് | 149/21, പുറപ്പുഴ ഹൈമാസ്റ്റ് ലൈറ്റിന്റെ മെയിന്റനൻസ് |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ | ₹40000/- (വികസന ഫണ്ട്) |
| ബിൽ നം./തീയതി/തുക | 20100552017000175692/ 19.05.2020/ ₹39000/- |

പുറപ്പുഴ ഹൈമാസ്റ്റ് ലൈറ്റിന്റെ മെയിന്റനൻസ് എന്ന പദ്ധതിക്കായി ₹40000/- അടങ്കൽ നിശ്ചയിച്ച് 10 Mtr.LED High Mast Light With 200w X 4Nos LED Bulb And All Accessories എന്ന് രേഖപ്പെടുത്തി 14.02.2020 ലെ ജി2-4608/18 നമ്പർ നോട്ടീസ് പ്രകാരം ടെണ്ടർ ക്ഷണിക്കുകയും ലഭിച്ച ടെണ്ടറിൽ കുറഞ്ഞ നിരക്കായ ₹39000/- രേഖപ്പെടുത്തിയ സിനേർജി സിസ്റ്റംസ് & ടെക്നോളജി, വഴിത്തല എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇലക്ട്രിക്കൽ വിഭാഗത്തിന്റെ എസ്റ്റിമേറ്റ് ഇല്ലാതെയാണ് അടങ്കൽ നിശ്ചയിച്ചിരിക്കുന്നത്. 200w X 4Nos LED Bulb ആണ് മെയിന്റനൻസ് നടത്തുവാൻ ടെണ്ടർ വഴി ചുമതലപ്പെടുത്തിയത്. എന്നാൽ സ്ഥാപനം ലഭ്യമാക്കിയ 30.03.2020 ലെ ZST-19/19 നമ്പർ ഇൻവോയ്സ് പ്രകാരം 200w ന്റെ 8 LED Bulb സ്ഥാപിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ തുക നൽകിയിരിക്കുന്നു. പ്രവൃത്തിക്ക് ഇലക്ട്രിക്കൽ വിഭാഗം എൻജിനീയറുടെ സൂപ്പർവിഷൻ, ബിൽ എന്നിവ ഇല്ലാതെയാണ് തുക അനുവദിച്ചിട്ടുള്ളത്. നാലിന് പകരം എട്ട് ലൈറ്റിന്റെ വിലയാണ് ഇൻവോയ്സിൽ ഉൾപ്പെടുത്തിയിരിക്കുന്നത് എന്നത് പരിഗണിക്കാതെയാണ് ബിൽ നൽകിയിട്ടുള്ളത്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് 29.06.2022 ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 19 ന് ലഭ്യമാക്കിയ മറുപടിയിൽ പദ്ധതി നിർവ്വഹണ വേളയിൽ 200w ന്റെ4 ബൾബിനു പകരം 100w ന്റെ രണ്ട് ബൾബ് വീതമുള്ള 4 സെറ്റ് ബൾബ് ഉൾക്കൊള്ളിച്ചുകൊണ്ടാണ് ലൈറ്റ് ക്രമീകരിച്ചിരിക്കുന്നത് എന്നും ആയതിന്റെ അടിസ്ഥാനത്തിൽ ഇൻവോയിസിൽ 8 എണ്ണം എന്ന് രേഖപ്പെടുത്തിയതെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. കൂടാതെ പ്രവൃത്തി നടത്തിയത് സംബന്ധിച്ച് ബന്ധപ്പെട്ട അതോറിറ്റിയുടെ പരിശോധന റിപ്പോർട്ട് ലഭ്യമാക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ഏത് വിധത്തിലുള്ള ലൈറ്റ് ആണ് സ്ഥാപിച്ചത് എന്നത് സംബന്ധിച്ച യാതൊരു പരിശോധനയും നടത്താതെയാണ് തുക അനുവദിച്ചിട്ടുള്ളത്. മാത്രമല്ല ഇൻവോയിസിൽ 200w ന്റെ 8 LED Bulb എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 100w ലൈറ്റിന്റെ യാതൊരു വിവരവും ഇൻവോയിസിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ മറുപടി അംഗീകരിക്കാവുന്നതല്ല. ഇത് സംബന്ധിച്ച് ക്ഷമതയുള്ള അധികാരിയുടെ പരിശോധനാ റിപ്പോർട്ട് ലഭിച്ചതിന് ശേഷം മറുപടി പരിഗണിക്കുന്നതാണ്. ചെലവ് തുക ₹39000/- തടസ്സപ്പെടുത്തുന്നു.

1-18 നിക്ഷേപ പ്രവൃത്തി -പണിപൂർത്തീകരിച്ചിട്ടില്ല

| ബിൽ നമ്പർ/ തീയതി | തുക |
|---|---|
| 426952/29.03.2021 | 1220000 |
| 426963/29.03.2021 | 5000 |

കേരളത്തിലെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും കടിവെള്ള കണക്ഷൻ നൽകുവാനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന ജലജീവൻ മിഷൻ പദ്ധതിയിൽ ഭാഗമാകുന്നതിനായി ₹12,25,000/- മാനേജിംഗ് ഡയറക്ടർ, കേരളാ വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത തുകയുള്ള പൂർത്തീകരണ

സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ചെലവഴിച്ച 12,25,000/-തടസ്സപ്പെടുത്തുന്നു.

1-19 ഒരേ സമയം ഒന്നിൽ കൂടുതൽ ട്രഷറി ബിൽബുക്ക് ചട്ടവിരുദ്ധമായി ഉപയോഗിച്ചിരിക്കുന്നു.

കേരള ട്രഷറി കോഡ് വാല്യം 1, ചട്ടം 223 കുറിപ്പ് 3 പ്രകാരം ഒരു സ്ഥാപനത്തിന് ഒരേ സമയം ഒന്നിൽ കൂടുതൽ ബിൽബുക്ക് ഉപയോഗിക്കാൻ അനുവദനീയമല്ല. എന്നാൽ പുറപ്പുഴ ഗ്രാമ പഞ്ചായത്തിൽ 2020-21 ൽ 17.04.2020 ൽ തൊടുപുഴ സബ്ട്രഷറിയിൽ നിന്നും യഥാക്രമം ബുക്ക് നം. ജെജെ 17372, ജെജെ 17373 നമ്പറുകളിലുള്ള രണ്ട് ബിൽ ബുക്കുകൾ വാങ്ങി ഒരേ സമയം ഉപയോഗിച്ച് വന്നിരിക്കുന്നു. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് 25.06.2022 ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 13-ന് മറുപടി ലഭ്യമാക്കിയില്ല. ഒരേ സമയം രണ്ട് ട്രഷറി ബിൽ ബുക്ക് ഉപയോഗിച്ചത് ചട്ടവിരുദ്ധമാണ്. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

1-20 മോണിട്ടറിംഗ് സമിതി നിർജ്ജീവം

പഞ്ചായത്ത് വർക്കിംഗ് ഗ്രൂപ്പുകളുടെ സഹായത്തോടെ ആവിഷ്കരിച്ച് ആസൂത്രണ സമിതിയുടെ അംഗീകാരം നേടി ഏറ്റെടുക്കുന്ന പദ്ധതികൾ, തദ്ദേശ സ്ഥാപനങ്ങളിലെയും അവയ്ക്ക് കൈമാറിക്കിട്ടിയ വിവിധ സ്ഥാപനങ്ങളിലെയും ഉദ്യോഗസ്ഥർ മുഖേനയാണ് നടപ്പാക്കുന്നത്. മേഖല അടിസ്ഥാനത്തിൽ അതത് മേഖലയിലെ വർക്കിംഗ് ഗ്രൂപ്പാണ് പദ്ധതി നിർവ്വഹണ ഘട്ടങ്ങളിലെ മോണിട്ടറിംഗ് നടത്തേണ്ടത്. മോണിട്ടറിംഗ് നടത്തേണ്ട വർക്കിംഗ് ഗ്രൂപ്പുകളുടെ വിവരം ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കുന്ന പ്രോജക്ട് പ്രൊഫോർമയിൽ രേഖപ്പെടുത്തിയിട്ടില്ല. മാത്രമല്ല, പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പദ്ധതികളിൽ മോണിട്ടറിംഗ് നടത്തേണ്ട വർക്കിംഗ് ഗ്രൂപ്പ് മോണിട്ടറിംഗ് നടത്തി റിപ്പോർട്ട് നൽകിയിട്ടുമില്ല.

വർക്കിംഗ് ഗ്രൂപ്പിന്റെ അദ്ധ്യക്ഷൻ ജനപ്രതിനിധിയും കൺവീനർ ബന്ധപ്പെട്ട മേഖലയിലെ സീനിയർ ഉദ്യോഗസ്ഥനുമായിരിക്കേണ്ടതാണ്.

ജനകീയ സമിതിയായ വർക്കിംഗ് ഗ്രൂപ്പിന്റെ മോണിട്ടറിംഗ് റിപ്പോർട്ട് ലഭ്യമാക്കാതിരിക്കുന്നത് ജനകീയാസൂത്രണ പദ്ധതി നിർവ്വഹണത്തിന്റെ സുതാര്യതയെയും അന്തഃസത്തയേയും ചോദ്യം ചെയ്യുന്നതാണ്. ആകയാൽ മോണിട്ടറിംഗ് സമിതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-21 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ

ജി.ഒ.(ആർ.റ്റി.)നം.686/2020/എൽ.എസ്.ജി.ഡി.(ഡിസി) തീയതി 20.03.2020 ഉത്തരവിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ പ്രകാരം കോവിഡ്-19 മായി ബന്ധപ്പെട്ട് പഞ്ചായത്ത് തല സ്ഥിതി വിവരങ്ങൾ ക്രോഡീകരിക്കുന്നതിനും റിപ്പോർട്ട് നൽകുന്നതിനുമായി എല്ലാ വാർഡിലും 38 പേരെ നിയമിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ കോവിഡ് മഹാമാരിയെ പ്രതിരോധിക്കുന്നതിന് 2020-21 വർഷം വിവിധങ്ങളായ പ്രതിരോധ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കിയിട്ടുണ്ട്. പ്രസിഡന്റ് ചെയർമാനായും സെക്രട്ടറി കൺവീനറായും ഹെൽപ്പ് ഡെസ്ക് രൂപീകരിക്കുകയും പ്രതിരോധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്തു. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി യൂത്ത് വോളന്റിയർമാർക്ക് പരിശീലനം നൽകി നിയമിച്ചിട്ടുണ്ട്. തരിശ്ഭൂമി കൃഷിയോഗ്യമാക്കൽ എന്ന പദ്ധതി ഏറ്റെടുത്ത് രൂ.10000/- വകയിരുത്തി തരിശുഭൂമിയായ 1 ഹെക്ടർ സ്ഥലത്ത് നെൽകൃഷി നടത്തി. സി.എഫ്.എൽ.റ്റി.സി.ക്കായി ഗവ.പോളിടെക്നിക്ക് കോളേജ് ഏറ്റെടുത്ത് പ്രവർത്തന സജ്ജമാക്കിയിരുന്നുവെങ്കിലും തുടർപ്രവർത്തനം നടത്തേണ്ട ആവശ്യം വന്നില്ല. പഞ്ചായത്ത് തല കോവിഡ് പ്രതിരോധ കമ്മിറ്റി രൂപീകരിച്ച് സ്ഥിതിഗതികൾ യഥാസമയം നിരീക്ഷിക്കുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് സ്പോൺസർഷിപ്പിലൂടെ മെഡിക്കൽ ഓഫീസർക്ക് 23 പൾസ് ഓക്സിമീറ്ററുകൾ കൈമാറിയിട്ടുള്ളതാണ്. പ്രത്യേക പരിഗണന നൽകേണ്ടവരുടെ സുരക്ഷയും കരുതലിനുമായി പ്രത്യേക ഹെൽപ്പ് ഡെസ്ക് രൂപീകരിച്ചിട്ടുണ്ടെങ്കിലും ഈയിനത്തിൽ പ്രത്യേക ഫണ്ട് രൂപീകരിക്കുകയോ വകയിരുത്തുകയോ ചെയ്തിട്ടില്ല. ഡയാലിസിസ് ചെയ്യുന്നവർ, അർബുദരോഗികൾ, ഇതര ഗുരുതര രോഗബാധിതർ എന്നിവർക്ക് മരുന്ന് വാങ്ങി നൽകുന്നതിന് പ്രത്യേകമായി പ്രോജക്ട് തയ്യാറാക്കിയിട്ടില്ല. പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്താനായി രൂപീകരിച്ച മോണിട്ടറിംഗ് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ തൃപ്തികരമാണ്. ഓൺലൈൻ വിദ്യാസഹായ പദ്ധതിയുടെ ഭാഗമായി പഠനകേന്ദ്രം ആരംഭിച്ചിട്ടില്ല. കമ്മ്യൂണിറ്റി കിച്ചൺ സ്പോൺസർഷിപ്പിലൂടെയാണ് നടപ്പിലാക്കിയത്. വിവിധ കമ്മിറ്റികൾ നിയമപ്രകാരം ഓൺലൈനായി ചേർന്നിട്ടുണ്ട്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ 2021-22 വർഷവും തുടർന്നു വരുന്നുണ്ട്. പഞ്ചായത്തിന്റെ സംയോജിതമായ ഇടപെടൽ കോവിഡ് വ്യാപനത്തെ ഒരു പരിധിവരെ തടയുവാൻ സഹായകമായിട്ടുണ്ട്.

1-22 ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം തുടങ്ങിയിട്ടില്ല

2021 മാർച്ചിൽ ലൈഫ് ഭവന പദ്ധതിയ്ക്കായി കരാറിൽ ഏർപ്പെട്ട താഴെ സൂചിപ്പിക്കുന്ന വ്യക്തി നാളിതു വരെ ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല.

| ഗുണഭോക്താവിന്റെ വിവരം | വാർഡ് | കൈപ്പറ്റിയ തുക₹ | നിലവിലെ സ്ഥിതി |
|---|---|---|---|
| സുധീഷ് പി.എസ്.<br>പാണ്ടിപ്പാറയിൽ<br>വഴിത്തല | XII | 40,000 | ഭവന നിർമ്മാണം തുടങ്ങിയിട്ടില്ല |

ആദ്യ ഗഡുവായ 40,000/- രൂപ കൈപ്പറ്റി ഒരു വർഷം കഴിഞ്ഞിട്ടും ഭവന നിർമ്മാണം പൂർത്തിയാക്കി വിവരം ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത ഗുണഭോക്താവിൽ നിന്ന് തുക തിരികെ ഈടാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ച് വിവരമറിയിക്കേണ്ടതാണ്.

1-23 ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പ്രകൃതിക്ഷോഭം, അത്യാഹിതം, മാറാരോഗങ്ങൾ, പേമാരി, വെള്ളപ്പൊക്കം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം എന്നിവ മൂലം ദുരിതമനുഭവിക്കുന്ന പഞ്ചായത്ത് നിവാസികളുടെ ദുരിത നിവാരണാർത്ഥം അടിയന്തിര ധനസഹായം നല്കുന്നതിനുദ്ദേശിച്ച് വേറിട്ട് രൂപീകരിക്കുന്ന ഒരു അക്കൗണ്ടാണ് ദുരിതാശ്വാസ നിധി. എന്നാൽ നാളിതുവരെയും

ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വസനിധി രൂപീകരിച്ചിട്ടില്ല. പ്രസ്തുത ഉദ്ദേശ്യം മുൻ നിർത്തി ചട്ടം 3(2) പ്രകാരം കായിക-വിനോദ പരിപാടികൾ സംഘടിപ്പിച്ച് സംഭാവനകൾ സ്വീകരിച്ച് അക്കൗണ്ട് രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-24 എച്ച്.എം.സി. വാർഷിക കണക്കുകൾ സമർപ്പിക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 166(1) പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ സർക്കാർ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ നടത്തിപ്പ് ചുമതല ഗ്രാമപഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽപ്പെട്ടതാണ്. വകുപ്പ് 173(എ), 2010-ലെ കേരള പഞ്ചായത്ത് രാജ് (പൊതു ജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങളിലെ, ചട്ടം 3(1) പ്രകാരം കൈമാറിയിട്ടുള്ള പൊതുആരോഗ്യ സ്ഥാപനങ്ങളിൽ ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി എന്നിവർ ഉൾപ്പടെ 15 അംഗങ്ങളിൽ കൂടാതെയുള്ള ഒരു മാനേജിംഗ് കമ്മിറ്റി നിർണ്ണയിക്കപ്പെട്ട പ്രകാരം രൂപീകരിക്കേണ്ടതാണ്.

ചട്ടം 9(1) പ്രകാരം പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസന ഫണ്ട് ഓഡിറ്റ് നടത്തേണ്ടത് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പാണ്. 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 9(1) പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ച ശേഷം 4 മാസത്തിനകം വാർഷിക കണക്കുകൾ ഓഡിറ്റിനായി സമർപ്പിക്കേണ്ടതാണ് (ജൂലായ് 31-നകം). എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന, പഞ്ചായത്തിന് കൈമാറി ലഭിച്ചിട്ടുള്ള ആശുപത്രികളിൽ (അലോപ്പതി, ഹോമിയോ, ആയുർവ്വേദം) മാനേജിംഗ് കമ്മിറ്റികൾ വാർഷിക കണക്കുകൾ ഓഡിറ്റിൽ പരിശോധനയ്ക്കായി സമർപ്പിച്ചിട്ടില്ല. പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 182(xv) പ്രകാരം പഞ്ചായത്തിന്റെ നിയന്ത്രണത്തിന് കീഴിലുള്ള സ്ഥാപനങ്ങളുടെ അക്കൗണ്ടുകൾ പരിശോധിക്കുകയോ, പരിശോധിപ്പിക്കുകയോ ചെയ്യേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്. മേൽ വിഷയത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. എച്ച്.എം.സി. വാർഷിക കണക്കുകൾ ഓഡിറ്റ് പരിശോധനക്ക് സമർപ്പിക്കുവാനാവശ്യമായ നിർദ്ദേശം നൽകേണ്ടതാണ്.

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-2021 | 2020 -2021വർഷത്തെ ഓഡിറ്റിൽ പരിശോധിച്ചു | ഓഡിറ്റ് റിപ്പോർട്ടിനൊപ്പം പുറപ്പെടുവിച്ചിട്ടുണ്ട് |

4-2 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രൊജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | 2020-2021 | 310000 | ലൈഫ് ഭവന പദ്ധതി (ജനറൽ) | 310000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 2020-2021 | 180000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 180000 | 0 |
| ജില്ലാപഞ്ചായത്ത് | 2020-2021 | 102000 | ഒരു കോടി ഫലവൃക്ഷ തൈ വിതരണം | 102000 | 0 |
| ജില്ലാപഞ്ചായത്ത് | 2020-2021 | 166000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 166000 | 0 |

4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരളാവാട്ടർ അതോറിറ്റി | ജല ജീവൻ മിഷൻ | 858842674 | 1225000 | 1225000 | 0 |
| കേരളാ ഇലക്ട്രിസിറ്റി ബോർഡ് | സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | 858842672 | 506751 | 506751 | 0 |

4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

4-5 വായ്പ-വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവ് ഇല്ല.ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ തീയതി | വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക ₹ | വർഷാവസാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|

| | | | ₹ | മുതൽ | പലിശ | ബാക്കി യുള്ള തുക ₹ |
|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | സ.ഉ.(എം. എസ്.) നം.68/ 2018/ എൽ.എസ്.ജി.ഡി തീയതി 18.05.2018 | 5278975 | 4911328 | 365686 | 0 | 45,45,642 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശംങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ഓഡിറ്റ് വർഷം ഖണ്ഡിക നം. | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | സമാഹൃത റിപ്പോർട്ട് ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1 | 2006-07 2.6 | 2009-10 | 2.6 | പഞ്ചായത്ത് വക കടമുറികളുടെ വാടക- സ്റ്റാമ്പ് ഡ്യൂട്ടി നഷ്ടം ₹1,026/- | തുടരുന്നു |
| 2 | 2007-08 3.7 | 2010-11 | 2.14 | നിക്ഷേപ പ്രവർത്തികൾ പൂർത്തീകരിച്ചില്ല പി.ഡബ്ല്യു.ഡി- ₹75,000/- | തുടരുന്നു |
| 3 | പ്രവർത്തന ക്ഷമതാ റിപ്പോർട്ട് | 2012-13 | 3.3 | ആരോഗ്യമേഖല | തുടരുന്നു |
| 4 | വിഷയാധിഷ്ഠിത അവലോകനം | 2014-15 | അനുബന്ധം-4 | കർഷകത്തൊഴിലാളി പെൻഷൻ | തുടരുന്നു |

## 4-9 ചാർജ്/സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം കാണിക്കുന്ന പത്രിക

എ) ചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം കാണിക്കുന്ന പത്രിക

ഇല്ല

ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | ചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക ₹ (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭിച്ച തുക ₹ | അവശേഷിക്കുന്ന തുക/ ബാദ്ധ്യത ₹ | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | നമ്പരും തീയതിയും | തുക ₹ | | | | ഉൾപ്പെട്ട തുക ₹ | ഈടാക്കിയ തുക ₹ | | | |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | (13) | (14) | (15) |
| 1 | പുറപ്പുഴ ഗ്രാമ പഞ്ചായത്ത് | 2005-06 | 3-9(1) Part | ജിജി തോമസ്, അസി. എൻജിനീയർ | LF21176/ Spel. Cell/ C.Sc./ C1/09 Dt. 10.01.13 | 2819 | ഇല്ല | ഇല്ല | - | - | - | - | 2819 | - |
| 2 | | 2005-06 | 3-9(2) Part | ജിജി തോമസ്, അസി. എൻജിനീയർ | LF 21176/ Spel. Cell/ C.Sc./ C1/09 Dt. 10.01.13 | 5199 | ഇല്ല | ഇല്ല | - | - | - | - | 5199 | - |
| 3 | | 2005-06 | 3-9 പാർട്ട് 3 | ജിജി തോമസ്, അസി. എൻജിനീയർ | LF 21176/ Spel. Cell/ C.Sc./ C1/09 Dt. 10.01.13 | 2078 | ഇല്ല | ഇല്ല | - | - | - | - | 2078 | - |
| 4 | | 2005-06 | 3-9 പാർട്ട് 4 | ജിജി തോമസ്, അസി. എൻജിനീയർ | LF 21176/ Spel. Cell/ C.Sc./ C1/09 Dt. 10.01.13 | 526 | ഇല്ല | ഇല്ല | - | - | - | - | 526 | - |
| 5 | | 2005-06 | 3-9(3) | ജിജി തോമസ്, അസി. എൻജിനീയർ | LF 21176/ Spel. Cell/ C.Sc./ C1/09 | 2078 | - | ഇല്ല | - | - | - | - | 2078 | - |

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | Dt. 10.01.13 | | | | | | | | | |
| 6 | | 2005-06 | 3-9(4) | ജിജി തോമസ്, അസി. എൻജിനീയർ | LF 21176/ Spel. Cell/ C.Sc./ C1/09 Dt. 10.01.13 | 526 | - | ഇല്ല | - | - | - | - | 526 | - |
| 7 | | 2005-06 | 3-9(1) Part | റോയ് ഐസക്, അസി. എൻജിനീയർ | LF 21176/ Spel. Cell/ C.Sc./ C1/09 Dt. 24.08.13 | 2819 | - | ഇല്ല | - | - | - | - | 2819 | - |
| 8 | | 2005-06 | 3-9(2) Part | റോയ് ഐസക്, അസി. എൻജിനീയർ | LF 21176/ Spel. Cell/ C.Sc./ C1/09 Dt. 24.08.13 | 5199 | - | ഇല്ല | - | - | - | - | 5199 | |

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| മുന്നിരിപ്പ് | | 4475845.19 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 39843483.5 |
| ആകെ | : | 44319328.69 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | | 38242782 |
| നീക്കിയിരിപ്പ് | | 6076546.69 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1964900 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 202500 | ശ്രീമതി.ഉഷ എ.ആർ, സെക്രട്ടറി |
| 1-13 | 74900 | ശ്രീമതി.ഉഷ എ.ആർ, സെക്രട്ടറി |
| 1-14 | 148500 | ശ്രീമതി.ഉഷ എ.ആർ, സെക്രട്ടറി |
| 1-15 | 33870 | ശ്രീമതി.ഉഷ എ.ആർ, സെക്രട്ടറി |
| 1-16 | 241130 | ശ്രീമതി.കെ.കെ.ഉഷ ഹെഡ്മിസ്ട്രസ്സ് |
| 1-17 | 39000 | ശ്രീമതി.ഉഷ എ.ആർ, സെക്രട്ടറി |
| 1-18 | 1225000 | ശ്രീമതി.ഉഷ എ.ആർ, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.എ.ആർ.ഉഷ, സെക്രട്ടറി | സെക്രട്ടറി, പുറപ്പുഴ ഗ്രാമപഞ്ചായത്ത് | പുത്തൻപുരയിൽ<br>മൂലമറ്റം പി.ഒ<br>പിൻ - 686662<br>ഇടുക്കി ജില്ല |
| ശ്രീമതി.കെ.കെ.ഉഷ ഹെഡ്മിസ്ട്രസ്സ് | ഹെഡ്മിസ്ട്രസ്സ്<br>ഗവ.എൽ.പി.എസ്, കുണിഞ്ഞി | കുഴിച്ചാലിൽ<br>തൊടുപുഴ ഈസ്റ്റ് പി.ഒ<br>കാരിക്കോട് |

4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്ക്സ് (എണ്ണം) | ഖണ്ഡിക |
|---|---|---|---|
| 2005-06 | കെ.എസ്.എ.ഐ.ഡി.കെ7/691/2018/ 10.05.2018 | 1 | 3-9 |
| 2006-07 | എൽ.എഫ്.ഐ.10/30/13/07.02.2013 | 15 | 2-1, 2-2(എ), 2-3, 2-6,<br>3-1 മുതൽ 3-11 വരെ |
| 2007-08 | എൽ.എഫ്.ഐ.10/1195/ 11/ തീയതി 07.01.2012 | 10 | 2-3(1, 2), 2-4, 2-10,<br>3-1, 3-6 മുതൽ 3-11 വരെ |
| 2008-09 | എൽ.എഫ്.ഐ.10/656/12/03.08.2012 | 6 | 2-3, 2-4, 2-5, |

| | | | |
|---|---|---|---|
| | | | 3-3, 3-4, 3-5 |
| 2009-10 | എൽ.എഫ്.ഐ.10/984/16/26.12.2016 | 5 | 3-1, 3-2, 3-3,<br>3-4, 3-6 |
| 2010-11<br>&<br>2011-12 | എൽ.എഫ്.ഐ.10/375/17/18.04.2017 | 5 | 2-3, 2-4(ബി),<br>3-3, 3-11, 3-13 |
| 2012-13<br>&<br>2013-14 | എൽ.എഫ്.ഐ.7/288/15/10.06.2015 | 8 | 2-2, 2-3, 3-2, 3-3,<br>3-4, 3-6, 3-7, 3-8 |
| 2015-16 | കെ.എസ്.എ.ഐ.ഡി.കെ-7/738/17/ 01.08.2017 | 1 | 3-5 |
| 2016-17 | കെ.എസ്.എ.ഐ.ഡി.കെ7-1319/2017/ 05.12.2017 | 6 | 2-1, 2-2, 2-5,<br>3-2, 3-3, 3-5 |
| 2017-2018 | കെ.എസ്.എ.ഐ.ഡി.കെ7-1405/18/ 31.01.2019 | 12 | 2-1, 2-2, 3-1 മുതൽ<br>3-10 വരെ |
| 2018-19 | നം.കെ.എസ്.എ-ഐ.ഡി.കെ-7/345/20 തീയതി. 17.06.2020 | 8 | 1-11,1-12,1-13,1-14,1-15<br>,1-24,1-25,3-1 |
| 2019-20 | നം.കെ.എസ്.എ-ഐ.ഡി.കെ-9/595/20 തീയതി. 31.03.2021 | 11 | 1-9 മുതൽ 19 വരെ |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

അനുബന്ധം-1

ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ പുറപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ പുറപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021 /തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്